# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4611 — 13.11.2019 ൽ മറുപടിയ്ക്ക്

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. കെ. രാജൻ<br>ശ്രീ. ജി.എസ്.ജയലാൽ<br>ശ്രീമതി സി.കെ. ആശ : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) കേരളത്തിലെ യുവതിയുവാക്കൾക്ക് ആഗോളതലത്തിൽ മികച്ച ജോലികൾ ആർജ്ജിക്കാൻ കഴിയുന്ന തരത്തിലുള്ള സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; | | (എ) വിവിധ മേഖലകളിൽ യുവജനങ്ങൾക്ക് മികച്ച തൊഴിൽ നേടാൻ സഹായിക്കുന്ന തരത്തിൽ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലധിഷ്ഠിത നൈപുണ്യവികസന പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. KASE ന്റെ കീഴിൽ ചവറയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ എന്ന സ്കിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിച്ചു വരുന്നു. |
| (ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (ഐ.ഐ.ഐ.സി.) ലോകനിലവാരത്തിലുള്ള കോഴ്സുകൾ പ്രദാനം ചെയ്യുന്നുണ്ടോ;<br><br>സി) ദേശീയ തലത്തിലെ വ്യവസായ സ്ഥാപനങ്ങളുമായുള്ള സഹകരണം, അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്ഥാപനങ്ങളുമായുള്ള സഹകരണം, മികച്ച | | (ബി)യും (സി)യും (ഡി)യും കൊല്ലം ജില്ലയിലെ ചവറയിൽ 1,92,000 ചതുരശ്രയടിയുള്ള അക്കാഡമിക്ക് ബ്ലോക്കും 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന ഹോസ്റ്റൽ ബ്ലോക്കും ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലെ സജ്ജീകരണങ്ങളുമായിട്ടാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) പ്രവർത്തനസജ്ജമാക്കിയിട്ടുള്ളത്. കൺസ്ട്രക്ഷൻ ആൻഡ് ഇൻഫ്രാസ്ട്രക്ച്ചർ മേഖലകളിൽ മാനേജീരിയൽ |

| | | |
|---|---|---|
| ഭൗതിക സാഹചര്യം എന്നിവ ഐ.ഐ.ഐ.സി. യിൽ ലഭ്യമാണോ;<br><br>(ഡി) ഏതൊക്കെ മേഖലകളിലുള്ള സ്കിൽ ഡെവലപ്മെന്റ് കോഴ്സുകളാണ് ഐ.ഐ.ഐ.സി. യിൽ നിലവിൽ നല്കുന്നതെന്ന് വ്യക്തമാക്കുമോ? | | ലെവൽ, സൂപ്പർവൈസറി ലെവൽ, ടെക്നിക്കൽ ലെവൽ എന്നീ മൂന്നു കാറ്റഗറികളിലായി നിലവിൽ 18 കോഴ്സുകൾ ആണ് ഐ.ഐ.ഐ.സി.യിൽ നടന്നുവരുന്നത്. ഉന്നത നിലവാരമുള്ള കോഴ്സുകൾ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി തൊഴിൽ സാധ്യതയേറിയ മേഖലകളും ജോബ് റോളുകളും തിരിച്ചറിഞ്ഞു പുത്തൻ കോഴ്സുകൾ വിഭാവനം ചെയ്യുന്നതിനായി വ്യാവസായിക പ്രമുഖരെയും വിദ്യാഭ്യാസ വിചക്ഷണരെയും ഉൾപ്പെടുത്തി PLACEX'18 എന്ന ഒരു കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ പരിശീലനം നേടുന്നവർക്ക് ഇംഗ്ലീഷ് ഭാഷ പ്രാവീണ്യത്തിനായി കേംബ്രിഡ്ജ് ഇംഗ്ലീഷുമായി ചേർന്ന് സർട്ടിഫിക്കറ്റ് കോഴ്സുകൾ ലഭ്യമാക്കുന്നുണ്ട്. സ്കോട്ട് ലാൻഡ് ആസ്ഥാനമായുള്ള ഗ്ലാസ്ഗോ കെൽവിൻ കോളേജ് പോലുള്ള അന്താരാഷ്ട്ര പരിശീലന സ്ഥാപനങ്ങളുമായി സഹകരിച്ചു കൊണ്ടു വിവിധ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ധാരണയിൽ ഒപ്പു വച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ